ശ്രീ. എ. ജെ. ജാൻ : അതിനശേഷം വർദ്ധിച്ചു വരുന്നതായി അറിഞ്ഞുകൂടാ. അവിടെ കുറെ കേസുകൾ ഉണ്ട്.

ശ്രീ. എം. വി. പൈറിയാൻ : ഈ കേസിന്റെ അന്വേഷണത്തിന് എത്ര രൂപ ചെലവു വരും ?

MR. SPEAKER : Put a separate question and get the answer.

ശ്രീ. പി. ആർ. മാധവൻപിള്ള : ഇൻസ്പെക്ടർ ദേവസ്വം വാലക്കടിക്കാരനാണോ ?

ശ്രീ. എ. ജെ. ജാൻ : അറിഞ്ഞുകൂടാ.

SHRI N. RAGHAVA KURUP : When was the report received by the Government ?

SHRI A. J. JOHN : Three or four weeks back.

SHRI N. RAGHAVA KURUP : May I know the reason for the delay to take action ?

SHRI A. J. JOHN : Government had so many other important duties to attend to, and so had no time to consider that report.

Fisheries.

* 615. [12] SHRI K. SATTANATHA KARAYALAR † : Will the Minister for Health be pleased to state :

(*a*) whether there is any proposal to develop fisheries in the State under the Second Five Year Plan ; and

(*b*) if so, what is it ?

Minister for Health (SHRI A. A. RAHIM) :

(*a*) Yes.

(*b*) The following are the schemes proposed under the Second Five Year Plan :—

1. Issue of loans to Co-operative Fishing Organisations.
2. Supply of requisites for fishing.
3. Stocking of ponds with fish.
4. Construction of breakwaters.
5. Introduction of identification and guide lights.
6. Introduction of Ice Plants and cold storage.
7. Provision of storage sheds, drying stands for nets etc.
8. Mechanisation of small fishing crafts.
9. Introduction of power fishing.

† As the Member was absent, the question was put by Shri T. K. Divakaran with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly

SHRI P. S. NATARAJA PILLAI: May I know how many breakwaters are considered necessary in Travancore? Is there any detailed report on that matter?

ശ്രീ. എ. എ. റഹീം : പഞ്ചപത്സരപദ്ധതിയിൽ അഞ്ചുതെങ്ങിലും വിഴിഞ്ഞത്തും ബ്രേക്ക് വാട്ടേഴ്സ് പണിയുവാൻ ആലോചനയുണ്ട്.

ശ്രീ. ആർ. പ്രകാശം : പഞ്ചവത്സരപദ്ധതിയിൽ രണ്ടു ബ്രേക്ക് വാട്ടേഴ്സിനു പ്രൊവിഷൻ ഉണ്ടെന്നു പറഞ്ഞു; അതു് അഞ്ചുതെങ്ങിലും വിഴിഞ്ഞത്തും ആണെന്നും പറയുന്നു. പക്ഷേ അഞ്ചുതെങ്ങു ഭാഗത്തേക്കു് പ്രൊവിഷൻ കാണുന്നില്ല; വിഴിഞ്ഞത്തേക്കു് മാത്രമേ കാണുന്നുള്ളൂ.

ശ്രീ. എ. എ. റഹീം : രണ്ടും കൊള്ളിച്ചിട്ടുണ്ടു്. ഏതുപേജിലാണെന്നു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. കെ. യശോധരൻ : ഈ പരിപാടി കാര്യക്ഷമമായി നടത്തുന്നതിനു് ഒരു ഫിഷറി ബോർഡു് രൂപീകരിക്കുന്നതിനെപ്പറ്റി ആലോചിക്കാമോ?

ശ്രീ എ. എ. റഹീം : അതിനു് ഒരു ബോർഡു് വേണമെന്നു് തോന്നുന്നില്ല.

ശ്രീ. പി. കെ. യശോധരൻ : ഇതിനു് അനുവദിച്ചിട്ടുള്ള പണം കാര്യക്ഷമമായി വിനിയോഗിക്കുന്നതിനുവേണ്ടി ഒരു ബോർഡു് രൂപീകരിക്കുന്നതു് സൗകര്യപ്രദമായിരിക്കുകയില്ലേ?

ശ്രീ. എ. എ. റഹീം : ആവശ്യമാണെന്നു തോന്നുന്ന സന്ദർഭത്തിൽ അതിനെക്കുറിച്ചു് ആലോചിക്കാം.

SHRI P. S. NATARAJA PILLAI: May I know whether there is any scheme to introduce deep sea fishing?

ശ്രീ. എ. എ. റഹീം : അതിനുള്ള സ്കീംസു് ഉണ്ടു്.

ശ്രീ. പി. എസ്. നടരാജപിള്ള : വായിച്ചതിൽ ഉണ്ടെന്നു് തോന്നുന്നില്ല. അതിനു് ടെയിനിംഗ് കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. എ. റഹീം : നോർവീജിയൻ പദ്ധതിയിൽ അതിനുള്ള പദ്ധതി ഉണ്ടു്.

ശ്രീ. പി. എസ്. നടരാജപിള്ള : ഡീപ് സീ ഫിഷിംഗ് നോർവീജിയൻ പദ്ധതിയിൽ വരുന്നുണ്ടോ? അതിൽ മെക്കനൈസ്ഡ് ബോട്ടുണ്ടാക്കി കൊടുക്കുക മാത്രമല്ലേ ചെയ്യുന്നുള്ളൂ?

ശ്രീ. എ. എ. റഹീം : ഇതിനും ടെയിനിംഗ് കൊടുക്കുന്നുണ്ടു്.

ശ്രീ. പി. എസ്. നടരാജപിള്ള : ഡീപ് സീ ഫിഷിംഗിനു് ടെയിനിംഗ് കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? അതായതു് നോർവീജിയൻ സ്കീം അല്ലാതെ മറ്റേതെങ്കിൽ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ. റഹീം : അതിനു് ടി. സി. എ. സ്കീം പ്രവർത്തിക്കുന്നുണ്ടു്.

ശ്രീ. പി. എസ്. നടരാജപിള്ള : അതിനു ഷിപ്പ്സും മറ്റും കൊടുത്തിട്ടുണ്ടോ ?

ശ്രീ. എ. എ. റഹീം : കൊടുത്തിട്ടുണ്ടു്.

ശ്രീ. പി. എസ്. നടരാജപിള്ള : അതു് എപ്പോഴത്തെ ഇരിക്കുന്നു ?

ശ്രീ. എ. എ. റഹീം : ഉപയോഗിച്ചു തുടങ്ങിയിട്ടില്ല. താമസിയാതെ അതിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണു്.

ശ്രീ. പി. എസ്. നടരാജപിള്ള : അതുപയോഗിക്കുന്നതിനു് ആവശ്യമുള്ള സാധനങ്ങൾ ലഭിച്ചിട്ടില്ലേ ?

ശ്രീ. എ. എ. റഹീം : ഒന്നു രണ്ടു് വാൻ (van) ലഭിച്ചിട്ടുണ്ടു്.

ശ്രീ. പി. എസ്. നടരാജപിള്ള : അതുതന്നെ ഉപയോഗിക്കാതെ കിടക്കുകയാണെന്നുള്ളതു് ടിഷ്യൂയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. എ. എ. റഹീം : അതു് കോവാപ്പറേറ്റീവു് സൊസൈറ്റിമൂലം പ്രവർത്തിക്കണമെന്നാണു് വിചാരിക്കുന്നതു്. ഇതുവരെ ആരും മുന്നോട്ടു വന്നിട്ടില്ല.

ശ്രീ. പി. എസ്. നടരാജപിള്ള : കോവാപ്പറേറ്റീവു് സൊസൈറ്റിക്കാർ മുന്നോട്ടു വന്നില്ലാ എന്നുള്ള കാരണത്താൽ ഈ (van) വാൻ മഴയിലും വെയിലിലും തുറന്നു വച്ചു് നശിപ്പിക്കുന്നതായിട്ടു് അറിയാമോ ?

ശ്രീ. എ. എ. റഹിം : സൂക്ഷിച്ചു വച്ചിട്ടുണ്ടു്.

ശ്രീ. പി. എസ്. നടരാജപിള്ള : മഴയിലും വെയിലിലും തുറന്നു വച്ചിരിക്കുന്നതാണോ സൂക്ഷിക്കുന്നതിന്റെ മാതൃക ?

ശ്രീ. എ. എ. റഹീം : സൂക്ഷിച്ചുവച്ചിട്ടുണ്ടെന്നാണു് ധരിച്ചതു്. അല്ലെന്നു് ഇപ്പോഴത്തെ ചോദ്യത്തിൽനിന്നും മനസ്സിലായി. ഉടനെ വേണ്ട ഏർപ്പാടു ചെയ്യാം.

ശ്രീ. പി. എസ്. നടരാജപിള്ള : ഓർഡർ കൊടുത്തിട്ടുള്ളതനുസരിച്ചു് വന്നിട്ടുള്ള സാമാനങ്ങൾ വൃത്തിയായി അടുക്കിവയ്ക്കുന്നെങ്കിലും ശ്രമിക്കുമോ ?

ശ്രീ. എ. എ. റഹീം : അങ്ങനെ ചെയ്യാം.

ശ്രീ. പി. എസ്. നടരാജപിള്ള : ഈ സാമാനങ്ങൾ വന്നിട്ടു് എത്ര മാസമായി ?

ശ്രീ. എ. എ. റഹീം : കഴിഞ്ഞ ഫെബ്രുവരി 14-ാംതിയതിക്കു മുമ്പു് വന്നിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly